(Pages : 3) **H – 2742**

**Reg. No. : .............................**

**Name : ..................................**

## First Semester B.Ed. Degree Examination, November 2019

## EDU 05.1 : PEDAGOGIC CONTENT KNOWLEDGE ANALYSIS - MALAYALAM

## (2019 Admission)

Time : 2 Hours Max. Marks : 50

(A) ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക.

1. ചോദക-പ്രതികരണങ്ങളെ ഉദ്ദീപിപ്പിക്കുന്ന പ്രധാന ഘടകമാണ്

    (a) ചോദകവ്യതിയാനം (b) പ്രബലനം

    (c) ആംഗ്യങ്ങൾ (d) പ്രതിഫലനാത്മക ചിന്ത

2. താഴെ പറയുന്നവയിൽ ഏതാണ് തീവ്രവായനാനൈപുണീ വികസനത്തിന് ഉതകുന്നത്?

    (a) കേരള പാഠാവലി (b) അടിസ്ഥാന പാഠാവലി

    (c) അദ്ധ്യാപക സഹായി (d) മൊഡ്യൂളുകൾ

3. 'ആയിരം നാവുള്ള മൗനം' ആരുടെ രചനയാണ്?

    (a) വൈലോപ്പിള്ളി (b) ചങ്ങമ്പുഴ

    (c) യൂസഫലി കേച്ചേരി (d) ആറ്റൂർ രവിവർമ്മ

4. 'അമ്പ്, വായു, പക്ഷി' എന്നീ അർത്ഥം വരുന്ന പദം താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ്?

    (a) ഗൗരവം (b) ദ്രഷ്ടവ്യം

    (c) ആശുഗം (d) ഉദ്ഗമം

**P.T.O.**

5. യുക്ത്യനുസൃത രീതിയിൽ വായന അഭ്യസിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന മാർഗ്ഗമാണ്

(a) പദാവതരണരീതി (b) ഖണ്ഡികാവതരണരീതി

(c) അക്ഷരാവതരണരീതി (d) കഥാവതരണരീതി

**(5 × 1 = 5 Marks)**

(B) ഒറ്റ വാക്കിലോ വാചകത്തിലോ ഉത്തരം എഴുതുക.

6. 'ജീവിതം ഒരു പ്രാർത്ഥന' എന്ന പാഠത്തിന്റെ പ്രമേയം എന്ത്?

7. 'നൈപുണികളുടെ ഉദ്ഗ്രഥനം' എന്നാൽ എന്ത്?

8. ബാഹ്യമായ ശ്രദ്ധ എന്നാലെന്ത്?

9. ക്രിയാത്മക വായനാ തന്ത്രങ്ങൾ ഏവ?

10. 'മാതൃഭാഷയുടെ മഹത്വം' പ്രമേയമായി വരുന്ന രണ്ട് കവിതകളുടെ പേരെഴുതുക.

**(5 × 1 = 5 Marks)**

(C) അരപ്പുറത്തിൽ കവിയാതെ വിവരിക്കുക.

11. ഹൈസ്കൂൾ തലത്തിലെ ഭാഷാപാഠങ്ങളുടെ ബോധനത്തിന് അദ്ധ്യാപകസഹായി നിങ്ങൾ എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തും?

12. ചലച്ചിത്രഗാനങ്ങൾ ഭാഷാപഠനക്ലാസ്സുകളിൽ എങ്ങനെ പ്രയോജനപ്പെടുത്താം?

13. 'ആസ്വാദനക്കുറിപ്പ്' വിലയിരുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?

14. മൗനവായനാനൈപുണി വികസിപ്പിക്കുന്നതിനുള്ള വ്യത്യസ്ത മാർഗ്ഗങ്ങൾ ഏവ?

15. വാർഷികാസൂത്രണം, ഏകകാസൂത്രണം എന്നിവ തമ്മിലുള്ള വ്യത്യാസമെന്ത്?

**(5 × 2 = 10 Marks)**

(D) നാല് ചോദ്യത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.

16. ഒരു ബോധനരീതി എന്ന നിലയിൽ സംവാദത്തിന്റെ സാധ്യതകൾ പത്താംക്ലാസ്സിലെ ഏതെങ്കിലും ഒരു പാഠത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

17. സൂക്ഷ്മബോധന ചക്രം വിശദീകരിക്കുക.

18. 'ചർച്ചകളിൽ പങ്കെടുത്ത് സ്വാഭിപ്രായം രേഖപ്പെടുത്തുന്നതിന്' എന്ന പാഠ്യപദ്ധതി ഉദ്ദേശ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഒരു സംഘപ്രവർത്തനം നൽകുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകൾ വിശദമാക്കുക.

19. പ്രധാന ഉച്ചാരണവൈകല്യങ്ങൾ ഏവ? അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

20. ലേഖന പരിശീലനത്തിനുപയോഗിക്കുന്ന വ്യത്യസ്തമാർഗ്ഗങ്ങൾ ഏവ?

21. 'കാലം ദർശിച്ച രസാനുഭൂതികൾ' എന്ന യൂണിറ്റിനെ ആസ്പദമാക്കി നൽകാവുന്ന പഠനപ്രവർത്തനങ്ങൾ, യൂണിറ്റിന്റെ പഠനനേട്ടങ്ങൾ സഹിതം വിശദീകരിക്കുക.

**(4 × 5 = 20 Marks)**

(E) ഒരു ചോദ്യത്തിന് മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

22. പഠിതാക്കളുടെ സ്വയം പ്രവർത്തനങ്ങൾക്കും പഠനരീതികൾക്കും ഉള്ള സാധ്യതകൾ 'മനുഷ്യകഥാനുഗായികൾ' എന്ന ഒൻപതാം ക്ലാസ്സിലെ യൂണിറ്റിനെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

23. ഭാഷാനൈപുണികൾ വികസിപ്പിക്കുന്നതിന് സഹായകരമായ പാഠ്യേതരപ്രവർത്തനങ്ങൾ ഏവ? അവ എങ്ങനെ പ്രവൃർത്തിപഥത്തിൽ കൊണ്ടുവരാം എന്ന് പത്താംക്ലാസ്സിലെ മലയാളപാഠപുസ്തകത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

**(1 × 10 = 10 Marks)**